## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 844** **25.01.2018-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ഭവന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗവിഭാഗക്കാർക്കായി നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി രൂപീകരിച്ച് വരുന്നു. ടി പദ്ധതി പ്രകാരം ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികളിലൂടെ വീട് അനുവദിച്ച് വരുന്നു. ഇതിനു പുറമെ ഭവനരഹിതർക്കായി ലൈഫ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| ബി) | പ്രസ്തുത വിഭാഗത്തിൽ പെട്ട ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായുള്ള ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതുപയോഗിച്ച് എത്ര വീടുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് 5000 വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും വായ്പയെടുത്ത 135 കോടി രൂപ ഉപയോഗിച്ച് 2015-16 സാമ്പത്തിക വർഷം 2020 വീടുകളും, 2016-17 സാമ്പത്തിക വർഷം 2980 വീടുകളും ഉൾപ്പെടെ ആകെ 5000 വീടുകൾ അനുവദിച്ച് വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | ഈ വിഭാഗക്കാർക്കായി നടപ്പാക്കി വരുന്ന എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതിയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | സി) | സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി രൂപീകരിച്ചത്. ആയത് പ്രാപ്തമാക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി 9425 വീടുകൾ അനുവദിച്ചു. ആയതിൽ 2015-16 സാമ്പത്തിക വർഷം 50 കോടി രൂപയും, 2016-17 സാമ്പത്തിക വർഷം 156,45,00,000/-രൂപയും, നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി ജനറൽ ഹൗസിംഗ് പദ്ധതി ശീർഷകത്തിൽ അനുവദിച്ച 115.08 കോടി രൂപയിൽ നിന്നും സ്പിൽ ഓവർ വീടുകൾക്കായുള്ള തുക വിനിയോഗിച്ച് വരുന്നു.<br>ടി പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ നിർമ്മാണ പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | നാലാം ഘട്ടം |
|---|---|---|---|---|---|
| 9425 | 2084 | 476 | 1257 | 3682 | 1926 |

| | | | |
|---|---|---|---|
| ഡി) | മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ചതും എന്നാൽ പണി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ? | ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് മുഖേനയുള്ള ധനസഹായം അനുവദിച്ച് വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതി ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത |

| | | | |
|---|---|---|---|
| | | | ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്.<br>ആയതിൻ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചതും 31.03.2016-നുള്ളിൽ പണി പൂർത്തീകരിക്കാത്തതുമായ സംസ്ഥാനത്തൊട്ടാകെയുള്ള പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ വിവരങ്ങൾ ലൈഫ് മിഷൻ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. ടി വീടുകളുടെ എസ്റ്റിമേറ്റ് സംബന്ധിച്ച വിവരങ്ങൾ കണക്കാക്കി വരുന്നു. 31.03.2018 നുള്ളിൽ ടി വീടുകൾ പൂർത്തീകരിക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ